I/104236/2023

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: ചേതൻ കുമാർ മീണ ഐ എ എസ്)

ഉത്തരവ് നം. SJD/2623/2023-E3

തിരുവനന്തപുരം,

തീയതി. 05-07-2023

---

വിഷയം: സാമൂഹ്യനീതിവകുപ്പ്- ജീവനക്കാര്യം- വകുപ്പിൽ ലാസ്റ്റ്ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ നിന്നും മെയിൽ അറ്റൻഡന്റ്/ ഫീമെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗകയറ്റം ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ 2023 വർഷത്തെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. 10.08.2010 ലെ ജി.ഒ(പി) 54/2010/സാ.ക്ഷേ.വ.
2.സാമൂഹ്യനീതി ഡയറക്ടറുടെ 14/02/2022 ലെ SJD/2142/2022-E3 നമ്പർ പരിപത്രം.
3.മെയിൽ അറ്റൻഡന്റ്/ഫീമെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ അപേക്ഷകൾ.
4.സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 22/12/2020 ലെ SJD/100860/2019-E3 നമ്പർ നടപടിക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടത്തിലെ കാറ്റഗറി-43 ൽ ഉൾപ്പെടുന്ന തസ്തികയായ മെയിൽ അറ്റൻഡന്റ്/ ഫീമെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ള യോഗ്യരായ ജീവനക്കാരിൽ നിന്നും നടത്തണമെന്ന് സൂചന (1) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ നിന്നും മെയിൽ അറ്റൻഡന്റ്/ ഫീമെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗകയറ്റ നിയമനത്തിന് സൂചന (2) പ്രകാരം ഓപ്ഷൻ ക്ഷണിക്കുകയും സൂചന (3) പ്രകാരം ജീവനക്കാരിൽ നിന്ന് നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ ലഭ്യമാകുകയുമുണ്ടായി.

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ള യോഗ്യരായ ജീവനക്കാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്ന് സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റിലിസ്റ്റിലെ ഫീമെയിൽ അറ്റൻഡന്റ് തസ്തികയിലെ ഉദ്യോഗക്കയറ്റനിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.3-മതായി ഉൾപ്പെട്ട ശ്രീ.സരസ്വതി.കെ-യെ വീണ്ടും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല. മെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്ത ശ്രീ.ജയരാമൻ.എം., ശ്രീ.അബ്ദുൽഗഫൂർ പാലയ്ക്കൽ എന്നീ ജീവനക്കാരുടെ ഓപ്ഷൻ അംഗീകരിച്ച് ടി ജീവനക്കാരെ 2023 വർഷത്തെ മെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള മെയിൽ അറ്റൻഡന്റ് താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉള്ള പക്ഷം ആയത് ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം കാര്യാലയ മേധാവി മുഖേന ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. കാര്യാലയ മേധാവി മുഖേനയല്ലാത്തതും നിശ്ചിത തീയതി കഴിഞ്ഞതുമായ പരാതികൾ/അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ചേതൻ കുമാർ മീണ.IAS
സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

I/104236/2023

വകുപ്പിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ് :

1. എല്ലാ കാര്യാലയ മേധാവികൾക്കും
2. എഫ് സെക്ഷൻ സൂപ്രണ്ട് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

സാമൂഹ്യനീതി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുള്ള യോഗ്യരായ ജീവനക്കാരിൽ നിന്നും കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് വിശേഷാൽ ചട്ടപ്രകാരം മെയിൽ അറ്റൻഡന്റ് തസ്തികയിലേക്കുള്ള ഉദ്യോഗകയറ്റം ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ 2023 വർഷത്തെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്

| ക്രമ നം | പേര് | തസ്തിക | ജനന തീയതി | വിദ്യഭ്യാസ യോഗ്യത | പി എസ് സി നിയമന ശുപാർശ നമ്പരും തീയതിയും | സാമൂഹ്യനീതി വകുപ്പിലെ നിയമന ഉത്തരവും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| 1 | ജയരാമൻ PEN:635108 | ഓഫീസ് അറ്റൻഡന്റ് | 22/04/1968 | PDC | KGDIV(3) 4019/06 dtd 7/05/2011 | E6-611/2010 dtd 30/06/2011 | 20/07/2011 | |
| 2 | അബ്ദുൾ ഗഫൂർ പാലക്കൽ PEN:737300 | ഓഫീസ് അറ്റൻഡന്റ് | 14/11/1984 | Bsc Bed | MR II(1) 566/10(1) dtd 10/07/2014 | E6-36376/14 dtd 23/08/2014 | 12/09/2014 | |

Signed by Chetan Kumar Meena
Date: 05-07-2023 15:48:57